**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **18-03-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലം - അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിൽവട്ടം സോണൽ മരുതുർ കല്ലടി മൂല കോളനി വികസനത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അക്രഡിറ്റേഷൻ പരിധി പുതുക്കിക്കൊണ്ടുള്ള 04.07.2019ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നം.77/19/ഫിൻ പ്രകാരം ഒരേ സമയം 15 കോടി രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ഒരു ഏജൻസിക്ക് നടത്താനാകൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പിന്റേത് മാത്രമായി, അംബേദ്കർ ഗ്രാമവികസനം, പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം, തുടങ്ങിയ പ്രവർത്തികൾക്കായി ഏകദേശം 42 കോടിയോളം രൂപയുടെ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കി വരുന്നു. ഓഡിറ്റിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചതിനെ തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിലെ തൃശ്ശൂർ ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള പുതിയ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. നിർവ്വഹണം തൃശ്ശൂർ കോർപ്പറേഷൻ മുഖേന നടത്തുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) | വികസന പ്രവർത്തികൾക്കായി ഏൽപ്പിച്ച ജില്ലാ നിർമ്മിതി കേന്ദ്രം പദ്ധതി ഏറ്റെടുക്കാൻ കഴിയുകയില്ല എന്ന് അറിയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. അക്രഡിറ്റേഷൻ പരിധി പുതുക്കിക്കൊണ്ടുള്ള 04.07.2019ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നം.77/19/ഫിൻ പ്രകാരം ഒരേ സമയം 15 കോടി രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ഒരു ഏജൻസിക്ക് നടത്താനാകൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പിന്റേത് മാത്രമായി, അംബേദ്കർ ഗ്രാമവികസനം, പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം, തുടങ്ങിയ പ്രവർത്തികൾക്കായി ഏകദേശം 42 കോടിയോളം രൂപയുടെ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കി വരുന്നു. ഓഡിറ്റിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചതിനെ തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിലെ തൃശ്ശൂർ ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള പുതിയ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. നിർവ്വഹണം തൃശ്ശൂർ കോർപ്പറേഷൻ മുഖേന നടത്തുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെയോ സംസ്ഥാന നിർമ്മിതി കേന്ദ്രത്തേയോ മാത്രമേ ഏൽപ്പിക്കാൻ കഴിയുകയുള്ളൂ എന്ന് ഉത്തരവുണ്ടോ; | (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ്. പദ്ധതി ഏറ്റെടുക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് എന്തെങ്കിലും പരിമിതി ഉള്ളപക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽ നിന്നും അതാത് മണ്ഡലത്തിലെ നിയമസഭാംഗം നിർദ്ദേശിക്കുന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിയോഗിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ മറ്റു വകുപ്പുകളേയോ ഏൽപ്പിക്കുന്നതിനു സാധിക്കുമോ; വിശദമാക്കാമോ; | (ഡി) | 04/07/2019 തീയതിയിലെ സ.ഉ.(അച്ചടി) 77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽ നിന്നും നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്ത് പദ്ധതി നിർവഹണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഇ) | 04/07/2019 തീയതിയിലെ സ.ഉ.(അച്ചടി) 77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽ നിന്നും നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്ത് പദ്ധതി നിർവഹണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ